I ഇ.ബി. XV - കേരള നിയമസഭ/VIII-18

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 16, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(15-03-2023-ന് ബഹു. സ്പീക്കറുടെ ചേംബറിന് മുന്നിൽ നടന്ന പ്രതിപക്ഷ പ്രതിഷേധത്തിനിടെയുണ്ടായ സംഭവങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളുയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിന് മുന്നിൽനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 9.12-ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം റദ്ദ് ചെയ്യുകയും ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക്

കടക്കുകയും ചെയ്തു.)

## I. റിപ്പോർട്ടുകളുടെ സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയൊന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകളും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ ഒൻപതാമത് റിപ്പോർട്ടും സമർപ്പിച്ചു.

## II. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VIII | - | എക്സൈസ് (361,01,36,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXII | - | നഗരവികസനം (1860,85,80,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXXV | - | പഞ്ചായത്ത് (1145,12,90,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXXVI | - | ഗ്രാമവികസനം (6006,26,51,000 രൂപ) |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXVാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXVാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 9.17-ന് പിരിഞ്ഞു.

* * * * * * * *